പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2901

10/03/2017 ൽ മറുപടിയ്ക്ക്

## കശുവണ്ടി ഫാക്ടറികൾ

ചോദ്യം
ശ്രീ.വി.ജോയി

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തനരഹിതമായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മിക്കവാറും എല്ലാ കശുവണ്ടി ഫാക്ടറികളും പ്രവർത്തനരഹിതമായിരുന്നു. |
| (ബി) | ഈ സർക്കാർ എത്ര കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാനത്ത് ഇപ്പോൾ 428 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചു വരുന്നു. കൂടാതെ മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും നടത്തിയ ചർച്ചയെ തുടർന്ന് വി.എൽ.സി. ഉൾപ്പെടെയുള്ള കശുവണ്ടി മുതലാളിമാർ അവരുടെ ഫാക്ടറികൾ വരും മാസങ്ങളിൽത്തന്നെ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ